(സി) സി.ഇ. സെല്ലിൽ നിന്നും നിയമനം നൽകുന്ന തസ്തികകളിൽ പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ എന്നിവർക്ക് ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനവും മറ്റുള്ളവർക്ക് '5' ശതമാനവുമാണ് നീക്കിവച്ചിട്ടുള്ളത്. അതനുസരിച്ച്, വിവിധ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് അപേക്ഷാ തീയതിയുടെ മുൻഗണനാക്രമത്തിൽ നിയമനം നൽകുന്നതാണ്.

കായിക താരങ്ങൾക്ക് ജോലി നൽകുന്ന നടപടി

17 (761) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക താരങ്ങൾക്ക് ജോലി ലഭിക്കുന്നതു സംബന്ധിച്ച് നടപടി ക്രമങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നടപ്പുവർഷം എത്ര കായിക താരങ്ങൾക്ക് ജോലി നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവർക്ക് ജോലി ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സർക്കാർ സർവീസിൽ പ്രഗൽഭ കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിന് 4-5-1985-ലെ ജി.ഒ.എം.എസ്. 161/85/പൊഭവ. എന്ന് ഉത്തരവിൽ രൂപവൽക്കരിക്കപ്പെട്ട പദ്ധതി പ്രകാരം പ്രതിവർഷം 20 നിയമനങ്ങളാണ് വിവിധ തസ്തികകളിലേക്ക് നടത്തി വരുന്നത്. ഈ പദ്ധതി പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിക്കുകയും അതു പ്രകാരം ലഭിക്കുന്ന അപേക്ഷകരെ കായിക മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വിവിധ വകുപ്പുകളിലെ 16 തസ്തികകളിൽ അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുകയും ചെയ്തുവരുന്നു.

(ബി) പ്രതിവർഷം 20 ഒഴിവുകളിലേയ്ക്കാണ് നിയമനം നൽകുന്നത്.

(സി) കായിക രംഗത്ത് ലഭിച്ചിട്ടുള്ള ഏറ്റവും മികച്ചനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന ഇവരെ, വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ നീക്കിവച്ചിട്ടുള്ള വിവിധ തസ്തികകളിലായി നിയമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly